സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ക്ലാസ്ഫോർ ആനുകൂല്യം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് പെൻഷനായ ക്ഷേത്ര ജീവനക്കാരുടെ കുടുംബ പെൻഷൻ വർദ്ധിപ്പിച്ചത് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 8003/16/Est-I** നന്തൻകോട്, 06 **/12/2018**

---

പരാമർശം :- (1) 01-07-2016 ലെ ROC 516/16/Est-1 നമ്പർ ബോർഡുത്തരവ്

(2) 03-10-2018 ൽ ROC 8003/16/Est-1 (i) നമ്പർ ബോർഡുത്തരവ്

(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 20-10-2018 ലെ DA 645/18/D1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും പെൻഷനായ ക്ഷേത്ര ജീവനക്കാരുടെ ഫാമിലി പെൻഷൻ 01-07-2014 മുതൽ മിനിമം 3,000/- രൂപയും മാക്സിമം 3,500/- രൂപയുമായി അനുവദിച്ച് പരാമർശം 1 പെൻഷൻ പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കേരള സ്റ്റേറ്റ് പെൻഷനേഴ്സ് കോൺഫെഡറേഷൻ ഭാരവാഹികളുമായുള്ള ചർച്ചയിലെ തീരുമാനപ്രകാരം ക്ലാസ്ഫോർ ആകുന്നതിന് മുമ്പ് പെൻഷനായ ക്ഷേത്രജീവനക്കാരുടെ ഫാമിലി പെൻഷൻ 01-04-2017 മുതൽ 4,000/- രൂപയായി വർദ്ധിപ്പിച്ച് പരാമർശം 2 ബോർഡുത്തരവായി.

ക്ലാസ്ഫോർ ആകുന്നതിനുമുമ്പ് പെൻഷനായ ക്ഷേത്ര ജീവനക്കാരുടെ മിനിമം പെൻഷൻ 3000/- രൂപയായി പരാമർശം 1 പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. പെൻഷണറുടെ അടിസ്ഥാന പെൻഷനെ ആധാരമാക്കിയാണ് ഫാമിലി പെൻഷൻ നിശ്ചയിച്ച് നൽകേണ്ടതെന്നുള്ളതിനാൽ പരാമർശം 2 ഉത്തരവ് ഭേദഗതി ചെയ്ത് ക്ലാസ്ഫോർ ആകുന്നതിന് മുമ്പ് പെൻഷനായ ക്ഷേത്ര ജീവനക്കാരുടെ ഫാമിലി പെൻഷൻ അടിസ്ഥാന പെൻഷനെ ആധാരമാക്കി 01-04-2017 മുതൽ മിനിമം 3,000/- രൂപയും മാക്സിമം 4,000/- രൂപയുമായി അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്

(മറുപുറം)

F.OP

3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK